ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം
പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:14.06.2026**

## പ്രധാനവാർത്തകൾ

1. വിദേശ പര്യടനത്തിന്റെ ഭാഗമായി ഫ്രാൻസിലെത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദി ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോണുമായി ഇന്ന് കൂടിക്കാഴ്ച നടത്തും.

2. നിപ പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്താൻ ആരോഗ്യ മന്ത്രി കെ. മുരളിധരൻറെ നേതൃത്വത്തിൽ കോഴിക്കോട് അവലോകന യോഗം.

3. സംസ്ഥാനത്ത് ഓർഡിനറി ബസുകളിൽ സ്ത്രീകൾക്കും ട്രാൻസ്ജെൻഡർ വ്യക്തികൾക്കും സൗജന്യ യാത്ര അനുവദിക്കുന്ന 'പ്രിയദർശിനി' പദ്ധതിക്ക് നാളെ തുടക്കം.

4. രക്തദാനത്തിന്റെ പ്രാധാന്യം തിരിച്ചറിയുക എന്ന സന്ദേശവുമായി ഇന്ന് ലോക രക്തദാന ദിനം.

5. സംസ്ഥാനത്ത് ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ഇന്ന് നാല് ജില്ലകളിൽ മഞ്ഞ ജാഗ്രത.

6. **ICC** വനിത **T**20 ലോക കപ്പ് ക്രിക്കറ്റിൽ ഇന്ന് ഇന്ത്യ - പാകിസ്ഥാൻ പോരാട്ടം.

&&&&&&&&&&&&&&

RNU TVPM

## പി.എം - സന്ദർശനം

വിദേശ പര്യടനത്തിന്റെ ആദ്യ പാദത്തിൽ ഫ്രാൻസിലെ നീസിൽ എത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് ഊഷ്മള വരവേൽപ്പ്. ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോണുമായി അദ്ദേഹം ഇന്ന് കൂടിക്കാഴ്ച നടത്തും. ഇന്ത്യയുടെ നവീകരണ - സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥ പ്രദർശിപ്പിക്കുന്ന ഭാരത് ഇന്നൊവേറ്റ്സ് പരിപാടിക്ക് പ്രധാനമന്ത്രിയും ഫ്രഞ്ച് പ്രസിഡന്റും സംയുക്തമായി ഇന്ന് തുടക്കം കുറിക്കും. തുടർന്ന് പ്രധാനമന്ത്രി സ്ലോവാക്യയിലേക്ക് തിരിക്കും. നീസിൽ തനിക്ക് ലഭിച്ച ഊഷ്മള സ്വീകരണത്തിന് പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ത്യൻ പ്രവാസികൾക്ക് നന്ദി പറഞ്ഞു.

&&&&&&&&&&&&&&

## നിപ

നിപ പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്താൻ ആരോഗ്യ മന്ത്രി കെ. മുരളിധരൻ കോഴിക്കോടെത്തി. കലക്ട്രേറ്റിൽ നിപ അവലോകന യോഗത്തിൽ മന്ത്രി പങ്കെടുക്കുകയാണ്. മെഡിക്കൽ കോളജ് അധികൃതരും - ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥരും സന്നിഹിതരാണ്. തുടർന്ന് ആരോഗ്യമന്ത്രി മെഡിക്കൽ കോളെജ് ആശുപത്രി സന്ദർശിക്കും. നിപ സ്ഥിരീകരിച്ച രാമനാട്ടുകര സ്വദേശി കോഴിക്കോട് മെഡിക്കൽ കോളേജിൽ ചികിത്സയിൽ തുടരുകയാണ്. അതേസമയം നിപ പ്രതിരോധ പ്രവർത്തനങ്ങളിൽ ഒറ്റക്കെട്ടായി പ്രവർത്തിക്കാൻ തയ്യാറാണെന്ന് പ്രതിപക്ഷ നേതാവ് പിണറായി വിജയൻ മാധ്യമങ്ങളോട് പറഞ്ഞു. രോഗ വ്യാപനം തടയാനുള്ള ഏകോപനത്തിൽ പാളിച്ചകൾ പറ്റിയതായും അദ്ദേഹം ആരോപിച്ചു.

RNU TVPM

&&&&&&&&&&&&&&

## നിപ: മൃഗസംരക്ഷണ വകുപ്പ്

കോഴിക്കോട് ജില്ലയിൽ നിപ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി, മൃഗങ്ങളിൽ നിന്നുള്ള രോഗപ്പകർച്ച തടയുന്നതിന്

ജില്ലാതല കൺട്രോൾ റൂം സജ്ജമാക്കി. രോഗബാധ റിപ്പോർട്ട് ചെയ്ത രാമനാട്ടുകര നഗരസഭ പരിധിയിലും സമീപ പ്രദേശങ്ങളിലും നിരീക്ഷണം ശക്തമാക്കിയിട്ടുണ്ട്. മൃഗങ്ങളിലെ രോഗലക്ഷണങ്ങൾ, വവ്വാലുകളുടെ സാന്നിധ്യം തുടങ്ങിയ വിവരങ്ങൾ 0495 - 2762050 എന്ന കൺട്രോൾ റൂം നമ്പറിൽ അറിയിക്കാവുന്നതാണ്.

&&&&&&&&&&&&&&

## ഷിഗല്ല

സംസ്ഥാനത്ത് ആരോഗ്യ - ഭക്ഷ്യസുരക്ഷാ വകുപ്പുകളുടെ നേതൃത്വത്തിൽ ഷിഗല്ല പ്രതിരോധ പ്രവർത്തനങ്ങൾ തുടരുന്നു. വയനാട്, മലപ്പുറം, തിരുവനന്തപുരം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിൽ ഷിഗെല്ല രോഗബാധ സ്ഥിരീകരിച്ചിട്ടുണ്ട്. ഇന്നലെ തൃശൂർ വടക്കാഞ്ചേരി മംഗലത്ത് 2 കുട്ടികൾക്ക് രോഗബാധ സ്ഥിരീകരിച്ചു. പ്രദേശത്ത് ബോധവൽക്കരണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.

&&&&&&&&&&&&&&

## പാലക്കാട് - ആപ്ലിക്കേഷൻ

കർഷകർക്ക് സബ്സിഡി വളങ്ങൾ വാങ്ങാൻ പുതിയ മൊബൈൽ ആപ്ലിക്കേഷൻ ഒരുക്കി കേന്ദ്ര കൃഷിവകുപ്പ്. നാളെ മുതൽ പാലക്കാട്, ആലപ്പുഴ ജില്ലകളിൽ പരീക്ഷണാടിസ്ഥാനത്തിൽ പദ്ധതി നടപ്പാക്കും. ഫ്രെയിം വർക്ക് ഫോർ ഫെർട്ടിലൈസർ സെയിൽ എന്ന ആപ്പാണ് കേന്ദ്ര കൃഷി വകുപ്പ് അവതരിപ്പിക്കുന്നത്.

&&&&&&&&&&&&&&

## പ്രിയദർശിനി സൗജന്യ യാത്ര

സംസ്ഥാനത്ത് ഓർഡിനറി ബസുകളിൽ സ്ത്രീകൾക്കും ട്രാൻസ്ജെൻഡർ വ്യക്തികൾക്കും സൗജന്യ യാത്ര അനുവദിക്കുന്ന 'പ്രിയദർശിനി' പദ്ധതിക്ക് നാളെ തുടക്കമാകും. സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി വി ഡി സതീശൻ തിങ്കളാഴ്ച തിരുവനന്തപുരം തമ്പാനൂർ ബസ് ടെർമിനലിൽ നിർവഹിക്കും. പ്രായഭേദമന്യ എല്ലാ സ്ത്രീകൾക്കും

PNU TVPM

ദൂരപരിധിയില്ലാതെ ഓർഡിനറി ബസുകളിൽ യാത്ര ചെയ്യാനാകും. ഈ ബസുകളിൽ പ്രിയദർശിനി എന്ന് രേഖപ്പെടുത്തിയിരിക്കും.

&&&&&&&&&&&&&&

ഗ്രീൻ ശബരിമല (ഇൻട്രോ)

വിഷൻ ശബരിമലയുടെ ഭാഗമായി തിരുവിതാംകൂർ ദേവസ്വം ബോർഡ് നടപ്പാക്കുന്ന ഗ്രീൻ ശബരിമല പദ്ധതിയ്ക്ക് പമ്പ ത്രിവേണി മണപ്പുറത്തു തുടക്കമായി. ദേവസ്വം ബോർഡ് പ്രസിഡന്റ് കെ.ജയകുമാർ ഉദ്ഘാടനം നിർവഹിച്ചു. അതിനിടെ, ശബരിമല സ്വർണ്ണകവർച്ചാ കേസിൽ തുടർ പരിശോധനകൾക്കായി പ്രത്യേക അന്വേഷണ സംഘം ഇന്ന് സന്നിധാനത്തെത്തും.

**വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ...**

**( വോയിസ്...)**

&&&&&&&&&&&&&&

സെൻസസ്

2027 സെൻസസിന്റെ ഭാഗമായ സെൽഫ് എന്യൂമറേഷൻ സൗകര്യം സംസ്ഥാനത്ത് ഈ മാസം 16 മുതൽ 30 വരെ ലഭ്യമാകും. ജൂലൈ 1 മുതൽ 30 വരെയാണ് സെൻസസിന്റെ ഒന്നാം ഘട്ടം. രാജ്യത്തെ ആദ്യത്തെ ഡിജിറ്റൽ സെൻസസാണ് ആരംഭിക്കുന്നത്.

&&&&&&&&&&&&&&

മഴ

സംസ്ഥാനത്ത് ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോടു കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ഇന്ന് പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. കേരളം - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്കില്ല.

&&&&&&&&&&&&&&

PNUTVPM

## ലോക രക്തദാതാ ദിനം (ഇൻട്രോ)

രക്തദാനത്തിലൂടെ ജീവൻ രക്ഷിക്കാനാകുമെന്നും എല്ലാവരും രക്തം ദാനം ചെയ്യാൻ തയ്യാറാകണമെന്നും ലോക രക്തദാതാക്കളുടെ ദിനമായ ഇന്ന് കേന്ദ്ര ആരോഗ്യ മന്ത്രി ജെ പി നഡ്ഡ. രക്തദാനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് അവബോധം വളർത്തുന്നതിനും, രക്തദാതാക്കളോടുള്ള ആദരസൂചകവുമായാണ് എല്ലാ വർഷവും ജൂൺ 14 ന് ദിനാചരണം സംഘടിപ്പിക്കുന്നത്. മനുഷ്യത്വത്തിന്റെ ഒരു തുള്ളി - രക്തം നൽകുക; ജീവൻ രക്ഷിക്കുക എന്നതാണ് ഈ വർഷത്തെ പ്രമേയം. രക്തദാന മേഖലയിൽ പതിറ്റാണ്ടുകളുടെ സേവന ചരിത്രമാണ് 2003 ൽ തിരുവനന്തപുരത്തു രൂപീകൃതമായ ഓൾ കേരളാ ബ്ലഡ് ഡോണേഴ്സ് സൊസൈറ്റിയ്ക്ക് പറയാനുള്ളത്. സൊസൈറ്റി ഉപ അധ്യക്ഷൻ കെപി രാജഗോപാലൻ ആകാശവാണി വാർത്തകളോട്...........

**&&&&&&&&&&&&&&**

## വയോജനങ്ങൾ - മുഖ്യമന്ത്രി

മുതിർന്ന പൗരരോടുള്ള അതിക്രമങ്ങൾക്കെതിരെയുള്ള ബോധവൽകരണ ദിനാചരണം നാളെ. സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി വി. ഡി. സതീശൻ നിർവ്വഹിക്കും. വയോജനങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയാനുള്ള ബോധവൽക്കരണ സന്ദേശം പൊതുജനങ്ങളിൽ എത്തിക്കുന്നതിനാണ് എല്ലാ വർഷവും ജൂൺ 15 ലോക വയോജന അതിക്രമ വിരുദ്ധ ദിനമായി ആചരിക്കുന്നത്. 'Beyond Awareness: Making Elder Abuse Prevention Work' എന്നതാണ് ഈ വർഷത്തെ പ്രമേയം.

**&&&&&&&&&&&&&&**

## ഐസിസി - വനിത ടി-20

ICC വനിത T20 ലോക കപ്പ് ക്രിക്കറ്റിൽ ഇന്ന് ഇന്ത്യ - പാകിസ്ഥാൻ പോരാട്ടം. ബിർമിംഹാമിൽ രാത്രി 7 മണിക്കാണ് മത്സരം.

**&&&&&&&&&&&&&&**

RNU TVPM

## ഫിഫ ലോകകപ്പ് ഫുട്ബോൾ (ഇൻട്രോ)

ഫിഫ ലോകകപ്പ് ഫുട്ബോളിൽ ഇന്ന് രാവിലെ നടന്ന മത്സരങ്ങളിൽ സ്കോട്ലൻഡിനും ഓസ്ട്രേലിയയ്ക്കും ജയം.

സ്കോട്ലൻഡ് ഹെയ്തിയെയും ഓസ്ട്രേലിയ തുർക്കിയയെയുമാണ് പരാജയപ്പെടുത്തിയത്. നെതർലന്ഡ്,ജപ്പാൻ,ഐവറി കോസ്റ്റ് ,സ്പെയിൻ അടക്കമുള്ള വമ്പൻ ടീമുകൾ നാളെ മത്സരിക്കാൻ ഇറങ്ങുന്നുണ്ട്.

**ആകാശവാണി പ്രതിനിധി സുരേഷ് ബാബു തയ്യാറാക്കിയ റിപ്പോർട്ട്.... ( വോയിസ്....)**

&&&&&&&&&&&&&&

## ശബരിമല

മിഥുന മാസ പൂജകൾക്കായി ശബരിമല നട ഇന്ന് തുറക്കും. വൈകിട്ട് അഞ്ചിന് തന്ത്രിയുടെ സാന്നിധ്യത്തിൽ മേൽശാന്തി ശ്രീകോവിൽ തുറന്ന് നെയ്ത്തിരി തെളിയിക്കും.

&&&&&&&&&&&&&&

## ഹയർസെക്കണ്ടറി അലോട്ട്മെന്റ്

പ്ലസ്സ് വൺ പ്രവേശനത്തിന്റെ ആദ്യ അലോട്ട്മെന്റ് പട്ടിക പ്രകാരമുള്ള പ്രവേശന നടപടികൾ നാളെ മുതൽ ഈ മാസം 17 ന് വൈകിട്ട് 5 മണി വരെ നടക്കും. അലോട്ട്മെന്റ് വിവരങ്ങൾ ഹയർസെക്കണ്ടറി അഡ്മിഷൻ

വെബ്സൈറ്റായ hscap.kerala.gov.in ൽ ലഭ്യമാണ്.

ഹയർസെക്കണ്ടറി - വൊക്കേഷണൽ വിഭാഗം എൻ.എസ്.ക്യൂ.എഫ് അധിഷ്ഠിത കോഴ്സുകളിലേക്കുള്ള ഒന്നാം വർഷ ഏകജാലക പ്രവേശനത്തിന്റെ ഒന്നാം അലോട്ട്മെന്റും നാളെ admission.vhseportal.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും. ജൂൺ 17 ന് വൈകുന്നേരം 4 മണി വരെ അലോട്ട്മെന്റ് ലഭിച്ചിട്ടുള്ള സ്കൂളുകളിൽ പ്രവേശനം നേടാം.

&&&&&&&&&&&&&&
&&&&&&&&&&&&
&&&&&&&&&&

RNUTVPM